ഡോക്ടർ എ. ആർ. മേനോൻ: (എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) സാമ്പത്തിക സ്ഥിതി അനുസരിച്ചു കക്കൂസുകൾ കെട്ടിക്കുന്നതിനു വേണ്ട എല്ലാപ്പാടുകളും ചെയ്യുന്നതാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: പെരുങ്കൊളത്തിന്റെ ചുറ്റുപാടും ജനങ്ങൾക്കു് വഴിനടക്കുവാൻ നിവർത്തിയില്ലാത്ത വിധത്തിൽ കക്കൂസായിട്ടു് ഉപയോഗിച്ചുവരുന്നുണ്ടു്. അതുകൊണ്ടു് വളരെ ബുദ്ധിമുട്ടനേരിടുന്നു. അവിടെ ഡോക്ടർ പോലും ഇരുന്നിരുന്ന കാലത്തു ഒരു ടെഞ്ചിംഗ് ഗ്രൗണ്ടിനുവേണ്ടി ആ സ്ഥലം എടുക്കുവാനായി അവിടെ വന്നു നോക്കി പോകുകയുണ്ടായി. എന്നാൽ അതിനുശേഷം ആ വിഷയത്തിൽ യാതൊരു നടപടിയും നടത്തിക്കണ്ടില്ല. അതുകൊണ്ടാണു് ഞാൻ ഈ ചോദ്യം ചോദിക്കുവാനിടയായിട്ടുള്ളതു്. ഇനിയെങ്കിലും ടെഞ്ചിംഗ് ഗ്രൗണ്ടിനു് വേണ്ടി ആ സ്ഥലം ഉടനടി അക്വയർ ചെയ്കയും, അവിടെ സ്കാവഞ്ചിംഗ് സിസ്റ്റം നടപ്പാക്കുകയും ചെയ്യാൻ ഗവൺമെണ്ടിനു് ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: കഴിയുന്നതും വേഗത്തിൽ ടെഞ്ചിംഗ് ഗ്രൗണ്ടിനുള്ള സ്ഥലമെടുത്തിട്ടു സ്കാവഞ്ചിംഗ് നടപ്പാക്കുവാൻ നോക്കാം.

മിസ്റ്റർ വി. കെ. കുട്ടി: ഈ ന്യൂയിസൻസു് നിവർത്തിക്കൊടുക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ: എങ്ങിനെയാണു് മാറുക?

മിസ്റ്റർ എ. ഈച്ചരമേനോൻ: ഒരു വേലി കെട്ടിയാൽ മതി.

PATTANCHERI—FACILITIES FOR COMMUNICATION

217. മിസ്റ്റർ എ. ഈച്ചരമേനോൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവുചെയ്തു പറയാമോ.—

(എ) പട്ടഞ്ചേരിയിൽ ചെട്ടികൾക്കു് ഒരു മാരിയമ്മൻ കോവിലില്ലേ;

(ബി) അതിലേക്കു ചെട്ടിത്തറയിൽനിന്നു് ഒരു പാടത്തുകൂടെയല്ലെ പോവേണ്ടതു്;

(സി) ആ പാടത്തിന്റെ വടക്കുഭാഗത്തു് ഒരു പുഴവെള്ളച്ചാലില്ലേ;

(ഡി) ആ ചാലിന്റെ രണ്ടരികും കെട്ടി ഒരു മരപ്പാലം ഇട്ടിട്ടുണ്ടായിരുന്നില്ലേ;

(ഇ) ആ പാലം ഇപ്പോൾ ഉപയോഗശൂന്യമായിട്ടല്ലേ കിടക്കുന്നതു്; എങ്ങിനെയിരിക്കുന്നു;

(എഫ്) ആ തോടിനു് ആ പാലത്തിന്റെ അടുക്കെ എത്ര ആഴമുണ്ടു്;

(ജി) ആ തോടു കടക്കാതെ വയസ്സായവർക്കും കുട്ടികൾക്കും ചെട്ടിത്തറയിൽനിന്നു കോവിലിലേക്കും അങ്ങിത്തറയിലേക്കും പോകുവാൻ സൗകര്യമുണ്ടാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പഞ്ചായത്തു് എത്ര പ്രാവശ്യം ഇതു പാലം നേരാക്കേണ്ട കാര്യത്തെപ്പറ്റി ഗവണ്മെണ്ടിലേക്കു ശുപാർശ ചെയ്തിട്ടുണ്ടു്?

ഡോക്ടർ എ. ആർ. മേനോൻ: (എ) ഉണ്ടു്.

(ബി) അതെ.

(സി) ഉവ്വു്.

(ഡി) ഉണ്ടായിരുന്നു.

(ഇ) അതെ. പാലത്തിനു പലകകൾ നിരത്തിയിരുന്നതു നശിച്ചുപോയിരിക്കയാൽ ഗതാഗതത്തിനു സൌകര്യമില്ല.

(എഫ്) ആറടി.

(ജി) ചെട്ടിത്തറയിൽനിന്നു് ആ തോടു കടക്കാതെ കോവിലിലേക്കു പോകുവാൻ സാധിക്കയില്ല. ആണ്ടിത്തറയിലേക്കു പോകുവാൻ വേറെ വഴിയുണ്ടെങ്കിലും ചില സ്ഥലങ്ങളിലേക്കു് എളുപ്പവഴിയാണു്.

(എച്ച്) ശുപാർശ ചെയ്തിട്ടില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഞാൻ ഈ സങ്കടം ആദ്യം പഞ്ചായത്തു പ്രസിഡണ്ടിനോടു പറഞ്ഞപ്പോൾ രണ്ടു മൂന്നു പ്രാവശ്യം ഇതിനെപ്പറ്റി ഗവണ്മെണ്ടിലേക്കെഴുതിയയച്ചിട്ടും പ്രയോജനമൊന്നുമില്ലെന്നാണു് പറഞ്ഞതു്. ഇനിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി വേണ്ടതു ചെയ്യുമോ?

ഡോക്ടർ എ. ആർ. മേനോൻ: നോക്കാം.

മിസ്റ്റർ വി. കെ. കുട്ടി: ഉദ്ദേശം എന്തു മിച്ചം വരും?

ഡോക്ടർ എ. ആർ. മേനോൻ: അധികം വരുമെന്നു തോന്നുന്നില്ല.

218. മിസ്റ്റർ എ. ഈച്ചരമേനോൻ: ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവു ചെയ്തു പറയുമോ.—

(എ) ചിറ്റൂർനിന്നു് ആലാങ്കടവിൽക്കൂടെ പെരുമാട്ടിയിൽ ചെന്നുചേരുവാൻ ഒരു പാതയില്ലയോ;

(ബി) ആ പാത (ആലാങ്കടവിനിന്നു പെരുമാട്ടിവരെയുള്ളതു) പഞ്ചായത്തിന്റെ കീഴിലല്ലേ;

(സി) ഈ കല്ലിട്ടു നന്നാക്കിയ പാതയായിരുന്നില്ലേ;

(ഡി) അതു് ഏപ്പോഴാണു് പഞ്ചായത്തിന്റെ കീഴിൽവന്നതു്;

(ഇ) പഞ്ചായത്തിന്റെ കീഴിൽ വന്നതിൻപേരേഷം ഏപ്പോഴെങ്കിലും കല്ലിട്ടിട്ടോ അല്ലാതെയൊ നന്നാക്കീട്ടുണ്ടോ;

(എഫ്) പുഴ കയറുന്നവിടെ പാതയായിട്ടു കിടപ്പുണ്ടോ;

(ജി) ഭാരമേറാത്ത കെട്ടുവണ്ടികൾക്കു് ആ വഴിയിൽക്കൂടെ വേറെ ആളുകളുടെ സഹായം കൂടാതെ ഗതാഗതം ചെയ്യുവാൻ സാധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) അവിടെ വണ്ടിത്താരകം ശരിയായി ഉണ്ടോ; ഉണ്ടെങ്കിൽ അവ തമ്മിൽ എത്ര ആഴത്തിനു വ്യത്യാസമുണ്ടാകും;

(ഐ) ഭാരവണ്ടികൾക്കു ഗതാഗതത്തിനു് തരമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: (എ) ഇല്ല. എന്നാൽ ചിറ്റൂർനിന്നു് ആർളി കടവിൽക്കൂടി പെരുമാട്ടിയിൽ ചെന്നുചേരുവാൻ ഒരു പാതയുണ്ടു്.

(ബി) ആ പാത (ആർളിക്കടവിൽനിന്നു പെരുമാട്ടിവരെയുള്ളതു്) പട്ടഞ്ചേരി പഞ്ചായത്തിൻ കീഴിലാണു്.

(സി) അതു കല്ലിട്ടു നന്നാക്കിയ പാതയാണു്.

(ഡി) ഫ്ലാറ്റ്-ൽ.

(ഇ) ഉണ്ടു്.

(എഫ്) ഉണ്ടു്; എന്നാൽ പെരുവെള്ളം വന്നനിമിത്തം പുഴകയറുന്നവിടെ പാത കേടുവന്നു പോയിട്ടുണ്ടു്.

(ജി) ഉവ്വു്.

(എച്ച്) ഉണ്ടു്. ഒരടിവരെ വ്യത്യാസം കാണും.

(ഐ) ഭാരവണ്ടികൾക്കു പുഴയിറങ്ങി പോകുന്നതിനു പ്രയാസമുണ്ടാകും. എന്നാൽ ടി പാതയിൽനിന്നു ര് ഫർലോങ്ങു് വടക്കോട്ടു പുഴയിൽ പാലമുള്ളതുകൊണ്ടും, ചിറ്റൂർ തെക്കേഗ്രാമത്തിനടുത്തു് പുഴയിൽ ഒരു പാലം (Road dam) കെട്ടിയിട്ടുള്ളതുകൊണ്ടും, ചിറ്റൂർ മുതലായ ടിക്കകളിലേക്കു പോകുന്ന വണ്ടികൾ മിക്കതും പുതുശ്ശേരി വഴിയായി ഗ്രാമത്തിനടുത്തുള്ള പാലത്തിൽക്കൂടിയും ഗതാഗതം ചെയ്യുന്നതുകൊണ്ടും ടി റോഡിൽക്കൂടി പുഴയിറങ്ങി വണ്ടികൾ സാധാരണയായി ഗതാഗതം ചെയ്യുന്നില്ല. പെരുമാട്ടിയിലുള്ള പാറ പൊളിച്ചു് പാതക്കുള്ള കല്ലുകൾ കടത്തുന്ന വണ്ടികൾ മാത്രമേ ഗതാഗതം ചെയ്യുന്നുള്ളു. ആ വക കല്ലുവണ്ടികൾക്കു് പുഴയിറങ്ങി കടക്കേണ്ടുന്ന ആവശ്യവുമില്ല.

മിസ്റ്റർ എ. ഇച്ചുരമേനോൻ: ഈ കല്ലുകൾ പൊളിച്ചു് എങ്ങോട്ടു കൊണ്ടുപോകാനാണെന്നറിഞ്ഞില്ല.

ഡോക്ടർ എ. ആർ. മേനോൻ: റോഡു് ഉണ്ടാക്കുന്നതിനു..

മിസ്റ്റർ എ. ഇച്ചുരമേനോൻ: ഈ റോഡു് ആവശ്യമില്ലാത്തതാണെന്നാണോ ഗവൺമെണ്ടു് വിചാരിക്കുന്നതു്?

ഡോക്ടർ എ. ആർ. മേനോൻ: ആവശ്യമുണ്ടു്. പക്ഷേ ഈ അലോട്ടുമെൻറുകൊണ്ടു് എല്ലാകാര്യവും കൂടി നോക്കുവാൻ സാധിക്കുന്നതല്ല. ചിറ്റൂർ താലൂക്കിനു റോഡുണ്ടാക്കുന്നതിനു് വളരെ ബുദ്ധിമുട്ടുണ്ടു്. കരിങ്കല്ലില്ലാത്ത ഒരു റോഡും അവിടയില്ല.

മിസ്റ്റർ എ. ഇച്ചുരമേനോൻ: പുഴക്കരയിൽ ചിറ്റൂർ മുനിസിപ്പാലിറ്റിയിൽനിന്നും ഒരു റോഡുണ്ടാക്കിവെച്ചിട്ടുണ്ടു്. അതിലോട്ടു പോകുവാൻ ഈ വഴിയില്ലാതെ വളരെ ബുദ്ധിമുട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly